ഇരുപതാംനൂറ്റാണ്ടിന്റെ മൂന്നാംദശകത്തിലാരംഭിച്ച ഈ പരിവർത്തന പ്രക്രിയയെ സ്വാധീനിച്ചത് പ്രധാനമായും പാശ്ചാത്യനാടകദർശനങ്ങളാണ്. സായിപ്പന്മാർ നഗരങ്ങളിൽ സംഘടിപ്പിച്ച ക്ലബ്ബുകളിലൂടെ ഷെക്സ്പിയർ മേൽത്തട്ടിലുള്ളവർക്ക് ഇതിനകം പരിചിതനായിരുന്നു. അതിനപ്പുറം യവനകാലം മുതലുള്ള പാശ്ചാത്യ നാടകവേദിയുടെ സങ്കേതങ്ങൾ മലയാളി മനസ്സിനെ ആകർഷിച്ചതിക്കാലത്താണ്. ക്ലാസ്സിക് കലകളുടെ ശൈലീകൃതരീതിയിലഭിരമിച്ചവരും അനുഷ്ഠാനങ്ങളിൽ സായൂജ്യമടഞ്ഞവരുമൊക്കെ ഈ പുതിയ ഉണർവ്വിനെ സ്വാഗതം ചെയ്തു. കഴിഞ്ഞ നൂറ്റാണ്ടിലെ മൂന്നു മുതലുള്ള നാല് ദശക (1930–1970) ങ്ങളിലാണ് ആരോഗ്യകരമായ ഈ മാറ്റങ്ങൾ നമ്മുടെ നാടകവേദിക്കുണ്ടായത്. ഈ സംവേദനശീലത്തെ പരിപോഷിപ്പിച്ച് നവീനമായൊരു നാടകസംസ്കാരത്തിന് അടിസ്ഥാനമിടുക എന്നതായിരുന്നു അക്കാലത്തെ നാടകപ്രവർത്തനത്തിന്റെ പൊതുവായ രീതി. ഈ പൊതുഭൂമികയിലാണ് ഈ സമാഹാരത്തിലെ പ്രബന്ധങ്ങളെ അടയാളപ്പെടുത്തേണ്ടത്. അതുകൊണ്ട് ഈ ഗ്രന്ഥം മുന്നോട്ടുവെയ്ക്കുന്ന നാടകദർശനം നമ്മുടെ രംഗവേദിക്ക് ഇന്നും ഏറെ പ്രസക്തമാണ്.

നാടകത്തെ സംബന്ധിച്ച സൈദ്ധാന്തികപഠനങ്ങൾ ഭരതന്റെ കാലം മുതലേ ഇന്ത്യയിലുണ്ടായിട്ടുണ്ട്. ഏതാണ്ടതേ കാലത്തുതന്നെയാണ് അരിസ്റ്റോട്ടിൽ പടിഞ്ഞാറൻ നാടകപഠനങ്ങൾക്ക് അടിത്തറയിട്ടത്. ഉത്തമനാടകത്തിന്റെ ഉള്ളടക്കത്തിന്റെ കാര്യത്തിൽ പൊതുവെ അവർ യോജിച്ചിരുന്നു. ഒരു നാടകമുണ്ടാകണമെങ്കിൽ അടിസ്ഥാനപരമായി മൂന്ന് ഘടകങ്ങൾ യോജിച്ചിരിക്കണം - പറയാനൊരു കഥ (ഇതിവൃത്തം), അതിനിണങ്ങുന്ന പാത്രങ്ങൾ. വസ്തു (plot), നേതാ (character) എന്നിവയുടെ കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരാണ്. മൂന്നാമത്തെ ഘടകത്തിൽ മതഭേദമുണ്ട് - ഭരതനത് രസമാണ്, വൈകാതികാംശമാണ്; അരിസ്റ്റോട്ടിലിന് പക്ഷേ ക്രിയയാണ്. ക്രിയാംശത്തിന്റെ അനുക്രമമായ വികാസമാണ് നാടകത്തിന്റെ ജീവൻ. വികാസമുണ്ടാകുന്നത് സംഘർഷത്തിലൂടെയാണ്. No conflict, no drama എന്നാണ് പാശ്ചാത്യനയം. ഒരു നാടകത്തെ നാടകമാക്കുന്നത് അതിലെ ക്രിയാംശമാണ്. ഇവിടെയാണ് സംഘർഷം, സംഘട്ടനം, ക്രിയാംശം, നാടകീയത തുടങ്ങിയ പദങ്ങൾ ഒരു നാടകവിദ്യാർത്ഥിയെ കുഴക്കുന്നത്. ഈ ഗ്രന്ഥത്തിൽ പലയിടത്തായി അനേകം ഉദാഹരണത്തിലൂടെ അടിസ്ഥാനപരമായ ഈ സങ്കല്പങ്ങൾ, അദ്ധ്യാപകന്റെ വൈദഗ്ദ്ധ്യത്തോടെ സാനുമാസ്റ്റർ വിശദമാക്കുന്നുണ്ട്. സോഫോക്ലിസ്സിന്റെ നാടകം ആരംഭിക്കുമ്പോൾ ഈഡിപ്പസ് രാജാവ് രാജകീയ പ്രൗഢിയോടെ പ്രഖ്യാപിക്കുന്നു, 'അപരാധിയെ കണ്ടുപിടിച്ച് കഠിനമായ ശിക്ഷനൽകു'മെന്ന്. മൂന്നുമണിക്കൂറിന് ശേഷം നാടകം അവസാനിക്കുമ്പോൾ നാം കാണുന്നത് ഈഡിപ്പസ്സ് തന്നെ സ്വയം ശിക്ഷയേറ്റ് കണ്ണുകൾ പൊട്ടിച്ച് നിഷ്ക്രമിക്കുന്നതാണ്. ഈ രംഗങ്ങൾ തമ്മിലുള്ള ഭീകരമായ വൈരുദ്ധ്യത്തിലേയ്ക്ക് നയിക്കുന്ന ആന്തര ചലനങ്ങളാണ് ഈ ദുരന്തനാടകത്തിന്റെ ക്രിയാംശം. അന്ധനായ തൈറേഷ്യസ്, ആട്ടിടയന്മാർ എന്നിവരുടെ വെളിപ്പെടുത്തലുകളിലൂടെ അപ്രതീക്ഷിത കാര്യങ്ങളാണ് ചുരുളഴിയുന്നത്. രാജാവിന്റെ ഈ പതനം അദ്ദേഹത്തെ ദുരന്തനായകനാക്കി മാറ്റുന്നു. ഇതിലെ

ശകുന്തളയുടെ പരിത്യാഗമെന്ന ദുരന്താനുഭവത്തിൽ നാടകം അവസാനിക്കുന്നു, അവിടെയും പ്രത്യാശയുടെ ഒരു ചെറുതിരി കൊളുത്തിയിരിക്കുന്നു; അമ്മ മകളെരക്ഷിച്ചിരിക്കുന്നു, സ്വർഗ്ഗത്തിലേയ്ക്ക്. ഈ വരികളിലൂടെ കടന്നുപോയപ്പോൾ തെല്ലൊരു കൗതുകത്തോടെ ഓർത്ത കാര്യം കാവാലവും ശാകുന്തളത്തിന്റെ രംഗാവതരണം, മറ്റു കാരണം കൊണ്ടാണെങ്കിലും, അവസാനിപ്പിക്കുന്നതിവിടെയാണ്. ഏഴാമങ്കംവരെ നീളുമ്പോൾ ലഭിക്കണമെന്ന് കാളിദാസൻ ആഗ്രഹിച്ച 'ചിദ്‌വിശ്രാന്തി' ഇവിടെ ലഭിക്കുമോ എന്നത് മറ്റൊരു കാര്യം.

മലയാളിക്ക് അരിസ്റ്റോട്ടിലിന്റെ നാടകസങ്കല്പങ്ങൾ ഉദാഹരിക്കാൻ പറ്റിയ ആധുനിക നാടകം 'ആ മനുഷ്യൻ നീ തന്നെ' എന്ന സി.ജെ.യുടെ കൃതിയാണ്. പുല്ലാങ്കുഴലൂതി നടന്ന ആട്ടിടയനായിരുന്നു ദാവീദ് മഹാരാജാവ്. യഹോവയാണ് ചെങ്കോൽ നൽകിയത്. ഇതുരണ്ടും തമ്മിലുള്ള ആന്തരികവൈരുദ്ധ്യമാണ് നായകന്റെ പ്രശ്നം. പുല്ലാങ്കുഴലിനെ ആരാധിക്കുന്നവളാണ് ബെത്ശേബ. അവളിലെ വൈരുദ്ധ്യം ഭർത്താവിനോടുള്ള ദൃഢപ്രണയമാണ്. ദാവീദിലും ബെത്ശേബയിലുമുള്ള ഈ വൈരുദ്ധ്യങ്ങളാണ് പലതരം സംഘർഷങ്ങളിലൂടെ ക്രിയാംശത്തെ മുന്നോട്ടുനയിക്കുന്നത്. പാപബോധമാണ് ദാവീദിന്റെ അന്തർസംഘർഷങ്ങളുടെ അടിത്തറ.

**ലോകക്ലാസിക്കുകൾ**

ലോകനാടകവേദിയിലെ ശ്രേഷ്ഠരചനകളെ പരിചയപ്പെടുത്തുന്ന പഠനങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ രണ്ടാമത്തെ തലം. വ്യത്യസ്തങ്ങളായ നാടകങ്ങളെയും അവയുടെ സവിശേഷതകളെയും മലയാളിക്ക് പരിചയപ്പെടുത്തുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമാണത്. അങ്ങനെ ആൽബേർ കാമുവും, സ്ട്രിൻഡ് ബർഗും, മോറീസ് മേയ്റ്റർ ലിങ്കും, ജൂലിയസ്ഹേയും, ചെക്കോവും, ആൽഫ്രെഡ് ജാറിയുമൊക്കെ മലയാളിയുടെ മനസ്സിലേക്ക് കടന്നുവരുന്നു. കൂടുതൽ പഠനങ്ങളുള്ളത് ഇബ്സനെയും ബ്രഹ്ത്തിനെയും പറ്റിയാണ്. ഇബ്സന്റെ ഭൂതം, ആർതർമില്ലറുടെ സെയിൽസുമാന്റെ മരണം, അയനോസ്കോയുടെ അമേദി, സാമുവൽ ബക്കറ്റിന്റെ ഗോദോയെ കാത്ത് തുടങ്ങി ലോകനാടകവേദിയിലെ പ്രമുഖരായ നാടകകൃത്തുക്കളെയും നാടകങ്ങളെയും പറ്റിയുള്ള പഠനങ്ങൾ മലയാളിയുടെ നാടകസംസ്കാരത്തെ വളർത്താൻ ഒട്ടേറെ സഹായിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടതാണ് ബ്രഹ്തിന്റെ മദർകറേജിനെപ്പറ്റിയുള്ള ദീർഘമായ പഠനം. ലോകനാടകവേദിയുടെ ഗതിയെ മാറ്റിമറച്ച നാടകപ്രവർത്തകനാണ് ബ്രെഹ്ത്. ബ്രെഹ്ത്തിനെപ്പറ്റിയുള്ള പഠനം സാനുമാസ്റ്റർ അവസാനിപ്പിക്കുന്നതിങ്ങനെ:

> 'ആ നാടകങ്ങൾ മനുഷ്യനിലെ അജയ്യനായ പോരാളിയെ ഉണർത്തുന്നു. കൂരിരുട്ടിന്റെ കോട്ടകൾക്കെതിരെ മനുഷ്യാത്മാവിനെ അണിനിരത്തുന്നു. ചരിത്രം തിരുത്തിയെഴുതാനുള്ള സാഹസികയത്നത്തിന് അവ അനുവാചകരെ ഉത്തേജിപ്പിക്കുന്നു.'

ഗുരുവിനോട് മാത്രമല്ല, വായനക്കാരോടും ശ്രോതാക്കളോടും അദ്ദേഹത്തിനുള്ള ഭാവവും ഇതാണ്. ഇതാണ് ഈ സമാഹാരത്തെ ഹൃദ്യമായ വായനാനുഭവമാക്കുന്നത്. സാഹിത്യ വിദ്യാർത്ഥികളും നാടകപ്രവർത്തകരും നെഞ്ചോട് ചേർത്തുവെയ്ക്കേണ്ട പ്രൗഢഗ്രന്ഥമാണ് സാനുമാസ്റ്ററുടെ നാടകവിചാരം.

---

ഡോ. കെ.ജി. പൗലോസ്, മനുസ്മൃതി, താമരക്കുളങ്ങര, തൃപ്പൂണിത്തുറ - 682 301,
ഫോൺ: 9846041205, E-mail: kgpaulose@gmail.com, www.kgpaulose@info.com.